# പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5653 **03.11.2016**-ലെ മറുപടിക്ക്

<u>കോർപ്പസ് ഫണ്ട്</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ബി.സത്യൻ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോർപ്പസ് ഫണ്ട് വിനിയോഗിച്ച് പട്ടികജാതി കോളനികളിൽ റോഡ്, കുടിവെള്ള പദ്ധതികൾ നടപ്പിലാക്കാൻ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാകാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | പദ്ധതി നടത്തിപ്പിന് ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ സ്വീകരിക്കുന്ന മാനദണ്ഡം വിശദമാക്കുമോ; | (ബി) | 10 പട്ടികജാതി കുടുംബങ്ങളെങ്കിലുമുള്ളതും ഗുണഭോക്താക്കളിൽ 50 ശതമാനത്തിൽ കൂടുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമായ പട്ടികജാതി കോളനികളിൽ ഇന്റേണൽ റോഡുകൾ അനുവദിക്കുന്നുണ്ട്. കുറഞ്ഞത് 5 പട്ടികജാതി കുടുംബങ്ങളും ആകെയുള്ളവരിൽ 50% -ൽ കൂടുതൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുമുള്ള കോളനികളിൽ വൈദ്യുതി ലൈൻ എക്സ്റ്റൻഷൻ, കുടിവെള്ള പദ്ധതികൾ എന്നിവ നടപ്പാക്കി വരുന്നു. |
| (സി) | പട്ടികജാതി കുടുംബങ്ങൾ കുറവുള്ള പട്ടികജാതി കോളനികളിൽ പദ്ധതികൾ നടപ്പിലാക്കുന്നതിന് മാനദണ്ഡത്തിൽ ഇളവ് വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിലവിൽ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ